LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി.-യുടെ ഓഫീസുകൾ അടച്ചുപൂട്ടുന്നത് സംബന്ധിച്ച തീരുമാനം

78 [5634] ശ്രീ. കെ. സി. വേണുഗോപാൽ:
„ എം. മുരളി:
„ ഇ. എം. അഗസ്തി:
„ കെ. അച്ചുതൻ:
ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ഏതെല്ലാം സ്റ്റേഷൻ മാസ്റ്റർ ഓഫീസുകളും ഗ്യാരേജുകളും മറ്റ് ഓഫീസുകളുമാണ് അടച്ചുപൂട്ടാൻ തീരുമാനിച്ചിട്ടുള്ളത്;

(ബി) ഇത്തരം ഓഫീസുകളുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) ഇതിനകം എത്ര ഓഫീസുകളും ഗ്യാരേജുകളും അടച്ചുപൂട്ടലിന് വിധേയമായിട്ടുണ്ട്?

ഉത്തരം

(എ) കോർപ്പറേഷന്റെ ഭരണപരമായ ചെലവുകൾ കുറയ്ക്കുന്ന നടപടികളുടെ ഭാഗമായി തലശ്ശേരി പഞ്ചായത്ത് ബസ് സ്റ്റാൻഡ്, മാനന്തവാടി പഞ്ചായത്ത് ബസ് സ്റ്റാൻഡ്, കൽപ്പറ്റ പഞ്ചായത്ത് ബസ് സ്റ്റാൻഡ്, പട്ടാമ്പി, പുത്തൻകുരിശ്, അമ്പലപ്പുഴ, മുണ്ടക്കയം, പോത്തൻകോട്, വടക്കാഞ്ചേരി പഞ്ചായത്ത് ബസ്സ്റ്റാൻഡ്, പാറശ്ശാല ടൗൺ, കട്ടപ്പന, കുത്തിയതോട്, കുറവിലങ്ങാട്, വെമ്പായം എന്നിവിടങ്ങളിലെ സ്റ്റേഷൻ മാസ്റ്റർ ഓഫീസ് എന്നിവ നിർത്തലാക്കേണ്ടി വന്നിട്ടുണ്ട്. ഇത് കൂടാതെ വടകര, വടക്കാഞ്ചേരി, എരുമേലി, മല്ലപ്പള്ളി, ആമ്പല്ലൂർ എന്നീ ഓപ്പറേറ്റിംഗ് സെന്ററുകളും നിർത്തലാക്കിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ ഗ്യാരേജുകൾ ഒന്നുംതന്നെ നിർത്തലാക്കിയിട്ടില്ല. വടകര, വടക്കാഞ്ചേരി, എരുമേലി, മല്ലപ്പള്ളി എന്നീ ഓപ്പറേറ്റിംഗ് സെന്ററുകളുടെ പ്രവർത്തനം പിന്നീട് പുനരാരംഭിച്ചിട്ടുണ്ട്.

(ബി) ദേശസാൽകൃത മേഖലയിലല്ലാത്തതും ലാഭകരമല്ലാത്തതുമായ ഓപ്പറേറ്റിംഗ് സെന്ററുകൾ നിർത്തൽ ചെയ്യാനുള്ള സർക്കാർ നിർദ്ദേശപ്രകാരമാണ് ഇവ നിർത്തൽ ചെയ്തത്.

(സി) ഓഫീസുകളുടെയും ഗ്യാരേജുകളുടെയും പ്രവർത്തനം നിർത്തലാക്കിയിട്ടില്ല.

കെ. എസ്. ആർ. ടി. സി. ബസ്സുകളിലെ ടിക്കറ്റു സമ്പ്രദായം പരിഷ്കരിക്കാൻ നടപടി

79 [5635] ശ്രീ. സി. മമ്മൂട്ടി:
„ യു. സി. രാമൻ:
„ വി. കെ. ഇബ്രാഹിംകുഞ്ഞ്:
„ കളത്തിൽ അബ്ദുള്ള:
„ പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ബസ്സുകളിലെ നിലവിലുള്ള ടിക്കറ്റ് സമ്പ്രദായം മാറ്റാൻ ഉദ്ദേശ്യമുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പുതിയ ടിക്കറ്റ് സമ്പ്രദായം പരീക്ഷിച്ചു നോക്കിയിട്ടുണ്ടോ;

(ഡി) പുതിയ സമ്പ്രദായം എല്ലാ സർവ്വീസുകൾക്കും എന്നു മുതൽ ബാധകമാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിലുള്ള ടിക്കറ്റിംഗ് സമ്പ്രദായം മാറ്റി ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ പൂർണ്ണമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഇതുകൊണ്ട് കണ്ടക്ടറുടെ അദ്ധ്വാനഭാരം കുറയുകയും, ടിക്കറ്റ് ഇഷ്യൂ ലളിതമാകുകയും, ക്രമക്കേടുകൾ തടഞ്ഞ് വരുമാനച്ചോർച്ച പൂർണ്ണമായും ഒഴിവാക്കാനും കഴിയും.

(സി) ഉണ്ട്. കൊല്ലം ഡിപ്പോയിൽ പൂർണ്ണമായും നടപ്പാക്കി കഴിഞ്ഞു. ഗുരുവായൂർ ഡിപ്പോയിൽ നടപ്പാക്കുന്നതിനുള്ള നടപടി ആരംഭിച്ചുകഴിഞ്ഞു.

(ഡി) ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ ലഭ്യമാകുന്ന മുറയ്ക്ക് ഘട്ടംഘട്ടമായി ഈ സാമ്പത്തിക വർഷം തന്നെ പൂർണ്ണമായി നടപ്പാക്കാൻ ശ്രമിക്കുന്നതാണ്.

ടിക്കറ്റിംഗ് പ്രിന്റിംഗിനായി വിവിധ ഏജൻസികളെ ഏൽപ്പിക്കുന്നതിന്റെ മാനദണ്ഡങ്ങൾ

80 [5636] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-ക്കുവേണ്ട ടിക്കറ്റ് പ്രിന്റിംഗ് എന്ത് മാനദണ്ഡ പ്രകാരമാണ് വിവിധ ഏജൻസികളെ ഏൽപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാന ഗവൺമെന്റിന്റെ കീഴിലുള്ള കെ. എസ്. ആർ. ടി. സി.-യുടെ പ്രിന്റിംഗ്, മറ്റു പ്രിന്റിംഗ് വർക്കുകൾ എന്നിവ എവിടെയാണ് ഏൽപ്പിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(സി) കെ. എസ്. ആർ. ടി. സി.-യുടെ പ്രിന്റിംഗ് വർക്കുകൾ സർക്കാർ അധീനതയിലുള്ള ആഡിയോ വിഷ്വൽ റിപ്രോഗ്രാഫിക് സെന്ററിനെ ഏൽപ്പിച്ച് ആ സ്ഥാപനത്തെ രക്ഷിക്കാൻ അടിയന്തിര നിർദ്ദേശം നൽകുമോ;

(ഡി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം കെ. എസ്. ആർ. ടി. സി.-ക്ക് ടിക്കറ്റ് പ്രിന്റിംഗിനും മറ്റു പ്രിന്റിംഗുകൾക്കുമായി എത്ര രൂപ ഓരോ വർഷവും ചെലവായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സ്റ്റോർ പർച്ചേസ് റൂൾ പ്രകാരം മൽസര സ്വഭാവമുള്ള ടെൻഡറുകളിലൂടെ നിശ്ചയിക്കുന്ന ഉത്തരവാദിത്വമുള്ള സ്ഥാപനങ്ങളെയാണ് കെ. എസ്. ആർ. ടി. സി.-യുടെ ടിക്കറ്റ് പ്രിന്റിംഗ് ഏൽപ്പിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly